"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 – 27 സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.38/2024/Co-Op തീയതി,തിരുവനന്തപുരം, 19-01-2024

പരാമർശം:-

1. സ.ഉ (സാധാ) നം 196/2023/സഹ തീയതി 29/03/2023

2 . സഹകരണ സംഘം രജിസ്ട്രാറുടെ 17/05/2023ലെ പി&എം എ (6)1455/2022നം കത്ത്

3. സ.ഉ (സാധാ) നം. 6350/2023/ധന തീയതി 04/09/2023.

**<u>ഉത്തരവ്</u>**

വാർഷിക പദ്ധതി 2022-23 ൽ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) ഉൾപെടുത്തി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി 27 സഹകരണ സംഘങ്ങൾക്ക് 10.00 ലക്ഷം രൂപ വീതം 270.00 ലക്ഷം രൂപ 2425-107-65 എന്ന ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ട്രഷറിയിൽ ബില്ല് ഇ- സബ്മിറ്റ് ചെയ്യാൻ കഴിയാത്തതിനാൽ ടി സംഘങ്ങൾക്ക് തുക അനുവദിച്ചു നൽകാൻ സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ "പി.എ.സി.എസ് വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള ധനസഹായം" പദ്ധതി പ്രകാരം 10.00 ലക്ഷം രൂപ വീതം 27 സംഘങ്ങൾക്കായി 270.00 ലക്ഷം രൂപ ധനസഹായം CITA യിലെ 2425- 107-63 എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. "പി.എ.സി.എസ് വഴി

പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള ധനസഹായം" പദ്ധതി പ്രകാരം 10.00 ലക്ഷം രൂപ വീതം ചുവടെ വിവരിക്കുന്ന 27 സംഘങ്ങൾക്കായി 270.00 ലക്ഷം രൂപ (ഇരുന്നൂറ്റി എഴുപത് ലക്ഷം രൂപ മാത്രം) ധനസഹായം 2425- 107-59എന്ന ശീർഷകത്തിൽ നിന്ന് 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന് നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ജില്ല | അനുവദിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കരുംകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.4055 | തിരുവനന്തപുരം | 10.00 |
| 2 | പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.663 | തിരുവനന്തപുരം | 10.00 |
| 3 | ചിതറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.2818 | കൊല്ലം | 10.00 |
| 4 | ചെറുപൊയ്ക സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.3846 | കൊല്ലം | 10.00 |
| 5 | കണ്ണമംഗലം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം2135 | ആലപ്പുഴ | 10.00 |
| 6 | കല്ലുമല കാർഷിക സഹകരണ സംഘം ലിമിറ്റഡ് നം. എച്ച്.ഡബ്ല്യൂ.14 | ആലപ്പുഴ | 10.00 |
| 7 | കുമാരപുരം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1449 | ആലപ്പുഴ | 10.00 |
| 8 | ചതുർത്ഥ്യാകരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1247 | ആലപ്പുഴ | 10.00 |
| 9 | ഉപ്പുതറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2985 | ഇടുക്കി | 10.00 |
| 10 | ഓച്ചൻതുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 72 | എറണാകുളം | 10.00 |
| 11 | പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2232 | എറണാകുളം | 10.00 |
| 12 | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2181 | എറണാകുളം | 10.00 |
| 13 | അന്നമനട സർവ്വീസ് സഹകരണ ബാങ്ക് 159 | തൃശ്ശൂർ | 10.00 |
| 14 | തൈക്കാട് സർവ്വീസ് സഹകരണ ബാങ്ക് | തൃശ്ശൂർ | 10.00 |
| 15 | തട്ടുക്കാശ്ശേരി സർവ്വീസ് സഹകരണ | പാലക്കാട് | 10.00 |

| | | | |
|---|---|---|---|
| | ബാങ്ക് എഫ്. 534 | | |
| 16 | തൃപ്പങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1890 | മലപ്പുറം | 10.00 |
| 17 | ഒഴൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്. 1586 | മലപ്പുറം | 10.00 |
| 18 | പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഡി. 1902 | മലപ്പുറം | 10.00 |
| 19 | കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഡി. 2417 | കോഴിക്കോട് | 10.00 |
| 20 | ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് മമ്പർ എഫ്. 1675 | കോഴിക്കോട് | 10.00 |
| 21 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എൽ എൽ 139 | കോഴിക്കോട് | 10.00 |
| 22 | കുറ്റ്യാടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1488 | കോഴിക്കോട് | 10.00 |
| 23 | നല്ലൂർനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 6913 | വയനായ് | 10.00 |
| 24 | തരുവണ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്. 521 | വയനാട് | 10.00 |
| 25 | പേര്യ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഡബ്ല്യൂ 284 | വയനാട് | 10.00 |
| 26 | തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ സി 4031 | വയനാട് | 10.00 |
| 27 | ബേഡടുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്. എഫ്. 92 | കാസർഗോഡ് | 10.00 |
| ആകെ | | | 270.00 |

3. സഹകരണ സംഘം രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, പദ്ധതി നടത്തിപ്പ് അവസാനം വരെ ക്രമമായി നിരീക്ഷിച്ച് വിലയിരുത്തുകയും, ധനസഹായത്തിന്റെ തിരിച്ചടവ് ഉൾപ്പെടെ, വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

4. ധനപുനർവിനിയോഗം പൂർത്തിയായതിനുശേഷം പ്രസ്തുത ചെലവ് 2425-00-107-59

എന്ന പുതിയ ശീർഷകത്തിലേക്ക് റീ-ക്ലാസിഫൈ ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അക്കൗണ്ടന്റ് ജനറലിനെ സമീപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/159/2023/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 19-01-2024 14:07:12

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി .എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.